2787
19/9/18

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - കാഞ്ഞങ്ങാട് റെയിഞ്ചിൽ മരുതോം സെക്ഷനിലെ പരപ്പ-പുളിങ്കല്ല് എന്ന സ്ഥലത്ത് റിസർവ്വ് വനത്തിൽ സ്വകാര്യ വ്യക്തി വനം കയ്യേറ്റം നടത്തി അനധികൃതമായി മരം മുറി - വീഴ്ച വരുത്തിയ ശ്രീ.കെ.കെ.പി.അബ്ദുൾ നാസർ, ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ (റിട്ട.) ക്കെതിരെ അച്ചടക്കനടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

G.O.(Rt)No.353/2018/F&WLD തീയതി,തിരുവനന്തപുരം, 28/07/2018

പരാമർശം:- 1 സർക്കാരിന്റെ 26.10.2013 ലെ 12372/എ2/13/വനം നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.

2 ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് 26.02.2015 ലെ ബി1-20183/13 നമ്പർ കത്ത്

3 സർക്കാരിന്റെ 28.04.2015 ലെ 12372/എ2/13/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

4 കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 10.05.2018 ലെ എ1 (1)9974/17/GW നമ്പർ കത്ത്.

ഉത്തരവ്

കാഞ്ഞങ്ങാട് റെയിഞ്ചിലെ മരുതോം സെക്ഷനിലെ ബളാൽ ബീറ്റിലെ പരപ്പ-പുളിങ്കല്ല് എന്ന സ്ഥലത്ത് വനം കയ്യേറ്റവും മരം മുറിയും ടി സ്ഥലത്തെ സെക്ഷൻ ഫോറസ്റ്ററുടെ ഒത്താശയോടെ നടന്നു എന്ന പരാതിയുടെ അടിസ്ഥാനത്തിലുള്ള അന്വേഷണത്തിൽ കുറ്റകൃത്യം കണ്ടെത്തുന്നതിലും കേസ് രജിസ്റ്റർ ചെയ്യുന്നതിലും കാഞ്ഞങ്ങാട് സെക്ഷൻ റെയിഞ്ച് സ്റ്റാഫിന്റെ ഭാഗത്തു

നിന്നും വീഴ്ച സംഭവിച്ചതായി കണ്ടെത്തി. സ്വകാര്യ വ്യക്തി വനഭൂമി കൈയ്യേറിയതും വനഭൂമിയിൽ നിന്ന് മരംമുറിച്ചത് കണ്ടെത്തിയതിനും അനധികൃതമായി മുറിച്ച 360 തടികൾക്ക് കടത്തുപാസ് ശുപാർശ ചെയ്തതിലും സെക്ഷൻ ഫോറസ്റ്റർ തയ്യാറാക്കിയ മഹസ്സർ പരിശോധിക്കുന്നതിലും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.കെ.കെ.പി.അബ്ദുൾ നാസർ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടതിനാൽ ടിയാനെതിരെ കഠിനശിക്ഷയുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശുപാർശ ചെയ്തു.

2)ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.കെ.കെ.പി.അബ്ദുൾ നാസറിന് പരാമർ ശം ( 1 ) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി. ടിയാനെതിരെച്ചുമത്തപ്പെട്ട കുറ്റങ്ങൾ താഴെപ്പറയുന്നു.

i) കാഞ്ഞങ്ങാട് റെയിഞ്ചിലെ മരുതോം സെക്ഷനിൽ ബളാൽ ബീറ്റിൽ മാലോം റിസർവ്വ് വനത്തിൽപ്പെട്ട പുളിങ്കല്ല് ഭാഗത്ത് സ്വകാര്യ വ്യക്തി വനം കയ്യേറി മരം മുറിച്ചത് കണ്ടുപിടിക്കുകയോ തടയുകയോ ചെയ്യാത്തതിലൂടെ കീഴുദ്യോഗസ്ഥർക്കൊപ്പം കൃത്യനിർവ്വഹ ണത്തിൽ വീഴ്ച വരുത്തി.

ii) കാഞ്ഞങ്ങാട് റെയിഞ്ചിലെ പരപ്പ വില്ലേജിൽ 28 / 3 ൽ പ്പെട്ട സ്വകാര്യ സ്ഥലത്തു നിന്നും മരുത് മരങ്ങൾ മുറിച്ച് കടത്തുന്നതിനുള്ള പെർമിറ്റിനായുള്ള അപേക്ഷയിൽ ശരിയാം വണ്ണം അന്വേഷണം നടത്താതെ വനത്തിൽ നിന്നുള്ള രണ്ട് മരുത് തടികൾ ഉൾപ്പെടെയുള്ള തടികൾക്ക് പെർമിറ്റ് നൽകുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഫോറസ്റ്റ് ഓഫീസർക്ക് ശുപാർശ ചെയ്ത് കൃത്യനിർവ്വഹണത്തിൽ അനാസ്ഥ കാട്ടുക വഴി വനം കയ്യേറ്റമടക്കമുള്ള വനം കുറ്റം കണ്ടെത്തുന്നതിൽ പരാജയപ്പെട്ടു.

iii) മേൽ അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് മാസങ്ങൾ കഴിഞ്ഞതിന് ശേഷം സ്റ്റാഫ് തയ്യാറാക്കിയ മഹസ്സറുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിൽ താഴെപ്പറയുന്ന വീഴ്ചകൾ വരുത്തി

(എ) 04.07.2012 ന് തയ്യാറാക്കിയ മഹസ്സറിൽ മുഴുവൻ മരങ്ങളും രേഖപ്പെടുത്തിയിട്ടില്ല എന്നതും വനം കയ്യേറ്റം നടന്നത് രേഖപ്പെടുത്താത്തതും പരിശോധനയിൽ കണ്ടെത്തുന്നതിൽ പരാജയപ്പെട്ടു

(ബി) മഹസ്സറിൽ നഷ്ടപ്പെട്ട തടികളുടെ വില കുറച്ച് കാണിച്ചത് ശ്രദ്ധിച്ചിട്ടില്ല

.

(സി) നഷ്ടപ്പെട്ട തൊണ്ടി മുതൽ കണ്ടെത്തിയതായി കാണിച്ച് 10.07.2012 ന് തയ്യാറാക്കിയ മഹസ്സറിൽ നഷ്ടപ്പെട്ട യഥാർത്ഥ തടികൾ ഉണ്ടായിരുന്നില്ല.

iv) കാട്ടിൽ നിന്നുള്ള മരത്ത് ഉൾപ്പെടെയുള്ള തടികൾ അനധികൃതമായി അധികാര പരിധിയിലുള്ള സ്ഥലത്തു നിന്നും കടത്തിക്കൊണ്ടുപോയിട്ടും ആയത് കണ്ടെത്തുന്നതിലും തുടർനപടികൾ എടുക്കുന്നതിലും പരാജയപ്പെട്ടു.

3)കുറ്റപത്രത്തിന് ശ്രീ.കെ.കെ.പി.അബ്ദുൾ നാസർ സമർപ്പിച്ച പ്രതിവാദ പത്രികയും, ആയതിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം ( 2 ) പ്രകാരം ലഭ്യമാക്കിയ അഭിപ്രായവും സർക്കാർ വിശദമായി പരിശോധിച്ചതിൽ ടിയാനെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള വസ്തുതകൾ ഒന്നും നിലവിലില്ലായെന്ന് കണ്ടെത്തി. ശ്രീ.കെ.കെ.പി.അബ്ദുൾ നാസർ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനു മുമ്പ് തന്നെ കുറ്റപത്രം നൽകിയിട്ടുള്ളതിനാൽ കേരള സർവ്വീസ് റൂൾസ് ഭാഗം 3 ചട്ടം 3 പ്രകാരം ടിയാന്റെ മാസ പെൻഷനിൽ നിന്നും 200/- രൂപ വീതം രണ്ടു വർഷത്തേയ്ക്ക് കുറവ് ചെയ്യുവാൻ തീരുമാനിക്കുകയും ആയതിനു പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി.

4)ശ്രീ.കെ.കെ.പി.അബ്ദുൾ നാസർ, മറുപടിയൊന്നും സമർപ്പിക്കാത്ത സാഹചര്യത്തിൽ കാരണം കാണിക്കൽ നോട്ടീസിൽ പ്രതിപാദിച്ച താൽക്കാലിക ശിക്ഷ സ്ഥിരമാക്കുന്നതു സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരായുകയുണ്ടായി. ഈ കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച കമ്മീഷൻ സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് യോജിക്കുകയും പരാമർശം ( 4 ) പ്രകാരം അപ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.

5)മേൽ സാഹചര്യത്തിൽ ശ്രീ.കെ.കെ.പി.അബ്ദുൾ നാസർ റിട്ടയേർഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് പരാമർശം (3) പ്രകാരം നൽകിയ കാരണം കാണിക്കൽ നോട്ടീസിൽ താൽക്കാലികമായി തീരുമാനിച്ച കേരള സർവ്വീസ്

റൂൾസ് ഭാഗം 3 ചട്ടം 3 പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം രണ്ടു വർഷത്തേയ്ക്ക് കുറവു ചെയ്യുക എന്ന ശിക്ഷ സ്ഥിരപ്പെടുത്തി അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
VENU V
PRINCIPAL SECRETARY

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.കെ.കെ.പി.അബ്ദുൾ നാസർ, റിട്ടയേർഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ